# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1519/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടക്കത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ് ആർ (പി8)1519/2021 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 18-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 18-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷോബി.വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ശിവദാസൻ.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.പ്രവിദ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ,
ശ്രീമതി.ധന്യ സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.എസ്.വിനയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനിചന്ദ്. ആർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രവിത.കെ.ആർ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| രേഖ.വി.എസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| മഹേഷ്.വി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ദീപ്തി.എം.യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അനുപിയ | വി.ഇ.ഒ (വെള്ളാനിക്കര സർക്കിൾ) | 01-04-2019 | 31-03-2020 |
| ഷീജ.എം.എസ് | വി.ഇ.ഒ (കരുവാൻകാട് സർക്കിൾ) | 01-04-2019 | 31-03-2020 |
| രഞ്ജു ഏലിയാസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 01-08-2019 |
| ഡോ.സിന്ധു.കെ | വെറ്ററിനറി സർജ്ജൻ | 02-08-2019 | 31-03-2020 |
| ഡോ. വിനീത കെ ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 13-11-2019 |
| ഡോ.ദീപ സാമുവൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 14-11-2019 | 31-03-2020 |
| ഡോ. മുരളീധരൻ.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 07-06-2019 |
| ഡോ. പ്രിൻസി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 08-06-2019 | 06-11-2019 |
| ഡോ. മുരളീധരൻ.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 07-11-2019 | 24-02-2020 |
| ഡോ.വിജോയ് ജോസഫ്.സി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-02-2020 | 31-03-2020 |
| ഡോ. അജിത.എം.എ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 15-05-2019 |

| | | | |
|---|---|---|---|
| | (അഡീഷണൽ ചാർജ്ജ്) | | |
| ഡോ.ജസ്സി.പി.മാത്യു | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം(അഡീഷണൽ ചാർജ്ജ്) | 16-05-2019 | 26-06-2019 |
| ഡോ.ആഷാ.ഇ.എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 27-06-2019 | 31-03-2020 |
| സത്യാ വർമ്മ.പി.സി | കൃഷി ഓഫീസർ | 01-04-2019 | 17-10-2019 |
| ഒഴിവ് | കൃഷി ഓഫീസർ | 18-10-2019 | 20-10-2019 |
| അർച്ചന വിശ്വനാഥ് | കൃഷി ഓഫീസർ | 21-10-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shobby.V.P (Audit Officer, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sivadasan A K (Asst. Audit Officer, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivadasan A K (Asst. Audit Officer, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayan VS (Auditor, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shobby.V.P (Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Jayan VS (Auditor, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Dhanya.A (Auditor, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Shobby.V.P (Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayan VS (Auditor, On 11-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-10 |
| 11 | വസ്തു നികുതി സാംഖ്യ, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-11 |
| 12 | അഡ്വാൻസ് തുക സാംഖ്യ പ്രകാരമുള്ളതും സഞ്ചയയിൽ രേഖപ്പെടുത്തിയതും പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-12 |
| 13 | ലൈബ്രറി സെസ്സ് സാംഖ്യ, സഞ്ചയ എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-13 |
| 14 | വരവ് രജിസ്റ്ററുകളുടെ ഡി.സി.ബി സൂക്ഷിച്ചിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-14 |
| 15 | വിശദീകരണമില്ലാതെ പ്രയർ പിരീഡ് ആയി വരവ് ചേർത്തത് അംഗീകരിക്കുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-15 |
| 16 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ | 1-16 |

| | | |
|---|---|---|
| | താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | |
| 17 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 07-05-2022) | 1-17 |
| 18 | താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പാസ്സ് ബുക്കിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.(കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-18 |
| 19 | കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുടർനടപടികൾ<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-19 |
| 20 | ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-20 |
| 21 | സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Dhanya.A (Auditor, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 1-21 |
| 22 | പഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല.<br>Written By: Dhanya.A (Auditor, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 23-04-2022) | 1-22 |
| 23 | പാർപ്പിടം/ഇതര വ്യവസായം എന്നീ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു<br>Written By: Dhanya.A (Auditor, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-23 |
| 24 | വസ്തു നികുതി നിർണ്ണയം-അപാകതകൾ<br>Written By: Dhanya.A (Auditor, On 22-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-24 |
| 25 | പഞ്ചായത്ത് വാഹന പരിപാലനം, ജനറേറ്റർ പരിപാലനം - അപാകതകൾ<br>Written By: Jayan VS (Auditor, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-25 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-വയോമിത്രം വിഹിതം<br>Written By: P.A.Pravida (Audit Officer, On 18-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-26 |
| 27 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-കാൻ തൃശ്ശൂർ<br>Written By: P.A.Pravida (Audit Officer, On 18-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-27 |
| 28 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-എ ബി സി പ്രോഗ്രാം<br>Written By: P.A.Pravida (Audit Officer, On 18-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-28 |
| 29 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ഐ.കെ.എം.വിഹിതം<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-29 |
| 30 | പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-30 |

| | | |
|---|---|---|
| 31 | പ്രിന്ററിന് അധിക തുക അടവാക്കി<br>Written By: P.A.Pravida (Audit Officer, On 19-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-31 |
| 32 | KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-32 |
| 33 | കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-33 |
| 34 | പ്രൊജ.നം. 115/20 അംഗൻവാടി അറ്റകുറ്റപ്പണികൾ--പ്രവൃത്തി പൂർത്തീകരണം വൈകിയതിന് ഫൈൻ ₹ 34735-കുറവ് ഈടാക്കി<br>Written By: Shobby.V.P (Audit Officer, On 16-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-34 |
| 35 | റോഡു പ്രവൃത്തികൾക്ക് 5% ന്റ പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-35 |
| 36 | തൊഴിലുറപ്പ പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി<br>Written By: Shobby.V.P (Audit Officer, On 15-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-6 |
| 7 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 25-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Jayan VS (Auditor, On 07-10-2021)<br>Last Updated By: Shobby.V.P (Audit Officer, On 09-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

26.02.2019.തീയതിയിലെ 1/1നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.02.2020 തീയതിയിലെ 3/1തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള സംഖ്യ | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ |
|---|---|---|
| വരവ് | 151383547 | 180393834 |
| ചെലവ് | 137115727 | 163325559 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-07-2020 | 09-06-2020 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 28723664 |
| ഓഡിറ്റ് വർഷത്തെ വരവ് | 72010281 |
| ആകെ | 100733945 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 69477291 |
| നീക്കിയിരിപ്പ് | 31256654 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15240234 | 15240234 | 13289156 | 1951078 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6538862 | 6538862 | 4867526 | 1671356 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 90000 | 90000 | 90000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 8267000 | 8267000 | 3096925 | 5170075 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3989000 | 3989000 | 1858173 | 2130827 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 10387561 | 10387561 | 4214994 | 6172567 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 103284689 | 116 | 51045058 | 0 | 72 | 62% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4502 | 1980706 | 1985208 | 1475086 | 510122 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27786135 | 27786135 | 27786135 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 1237374 | 1237374 | 1237374 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കാണ് പട്ടികയിൽ. വാർഷിക കണക്ക പ്രകാരം OB.4013 രൂപയാണ് പട്ടികയിൽ 4502 ആണ്. CB വാർഷിക കണക്കിൽ 509742 രൂപയാണ്. പട്ടികയിൽ 510122 രൂപയാണ്. B4 സ്റ്റേറ്റ്മെന്റുമായും പൊരുത്തപ്പെടുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1920 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 2094000 | 375 |
| വിധവാപെൻഷൻ | 7006800 | 1226 |
| വാർദ്ധക്യകാലപെൻഷൻ | 11020500 | 2047 |
| വികലാംഗപെൻഷൻ | 1587400 | 286 |
| അവിവാഹിത പെൻഷൻ | 993600 | 172 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-10-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13611/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ യഥോചിതം പരിപാലിച്ച് പോരുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിച്ച് വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | ഓഡിറ്റ് നടന്ന തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ചതിന്റെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 27/07/2021 | 2020- 21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/10/2020 | 2015-16 To 2019-20 | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. (തിയ്യതി.08.01.2021) |

## 1-11 വസ്തു നികുതി സാംഖ്യ, സഞ്ചയ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.1തൻവർഷം

1.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3338252 | 3064284 | 76256 | 207171 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3321909 | 3042836 | 44565 | *202967 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | * 213116/105 X 100 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15) |

1.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2706459 | 2307204 | 21896 | 381307 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2731779 | 2315006 | 21856 | 394956 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *414704 /105x 100 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15) |

1.2കുടിശ്ശിക

1.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 527865 | 373211 | 156567 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 545625 | 369802 | 148976 |
| | 2018-19 ലെ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15)337678 + 235228 /105 X 100 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 156425 /105 X100 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15) |

1.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 422577 | 129379 | 293514 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 456704 | 130087 | 293570 |
| | 2018-19 ലെ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | 308249 /105 X 100 (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 15) |

## 1-12 അഡ്വാൻസ് തുക സാംഖ്യ പ്രകാരമുള്ളതും സഞ്ചയയിൽ രേഖപ്പെടുത്തിയതും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 436745 | 492709 |
| 2 | 350410101-Advance Collection Of | 19580 | 127959 |

| | | | |
|---|---|---|---|
| | Revenues -Property Tax On Non-Residential Building | | |

## 1-13 ലൈബ്രറി സെസ്സ് സാംഖ്യ, സഞ്ചയ എന്നിവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,97,659 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,71,031 രൂപയുമാണ്. ഇവ രണ്ടും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

## 1-14 വരവ് രജിസ്റ്ററുകളുടെ ഡി.സി.ബി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

2 ക്രിമറ്റോറിയം ഫീസ് രജിസ്റ്റർ

## 1-15 വിശദീകരണമില്ലാതെ പ്രയർ പിരീഡ് ആയി വരവ് ചേർത്തത് അംഗീകരിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 26334 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 33014 |

## 1-16 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 25,32,990 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,02,23,269 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-17 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ളവയുടെ വിവരം താഴെ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100121 | Centrally Sponserd Scheme.ICDS | 1046398 |
| 2 | 320100203 | Grants Funds And Contributions Specific Purposes-solid Waste | 1100000 |
| 3. | 320200307 | Grants Funds And Contributions Specific Purposes-Other Than Developement Fund And State Sponserd | 22000 |
| 4 | 320200322 | Grants From Suchithwa Mission | 380453 |
| 5 | 320300199 | Grants Funds And Contributions Specific Purposes-Other Govrnment Agencies | 600000 |
| 6 | 320800101 | Beneficiary Contribution | 270859 |

## 1-18 താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പാസ്സ് ബുക്കിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല.(കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്രമ.നം | ബാങ്ക് | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | E Payment Sbi | Not Known | Up To 3/2020 |
| 2 | Try TSB A/c | Not Known | Up To 3/2020 |
| 3 | SBT OAP | 57036602616 | Up To 3/2020 |
| 4 | Pfms | Not Known | Up To 3/2020 |

## 1-19 കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുടർനടപടികൾ

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെ ചേർക്കുന്ന തുക "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്ത ചെക്കു കൂടി ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് മറുപടിയായി പുതുക്കിയ റികൺസിലിയേഷൻ സ്റ്റേറ്റ് മെന്റ് ഹാജരാക്കിയെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ അഭാവത്തിൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| Not Recorded | Voucher Dt. 22/06/2019 | 2340000 |

## 1-20 ലോൺ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ലോൺ അക്കൗണ്ടിൽ വാർഷികകണക്ക പ്രകാരം 31/3/2020 ൽ രൂപ 99,67,298 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-21 സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൃശ്ശൂർ സാൻഡ് & ഗ്രാവൽ പ്രൈവറ്റ് ലിമിറ്റഡ്, മൂദൽ ഗ്രാനൈറ്റ്സ് & ക്രഷർ പ്രൈവറ്റ് ലിമിറ്റഡ്, പവർ ഗ്രിഡ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ സാമൂഹിക പ്രതിബദ്ധതാ (സി.എസ്.ആർ) പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുകയോ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും പഞ്ചായത്ത് നടപടികൾ സ്വീകരിക്കാഞ്ഞത് സംബന്ധിച്ച് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

മേൽ പറഞ്ഞ സ്ഥാപനങ്ങളും പവർഗ്രിഡ് കോർപ്പറേഷനും ഗ്രാമ പഞ്ചായത്തിൽ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾ (സി.എസ്.ആർ) നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു (എൻക്വയറി നമ്പർ 8/11.10.2021). തൃശ്ശൂർ സാൻഡ് & ഗ്രാവൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക്, സാനിറ്റൈസർ, ഓക്സിമീറ്ററുകൾ, ഗ്ലൗസ്, വീൽചെയർ, ഓക്സിജൻ സിലിണ്ടറുകൾ, ആംബുലൻസ് എന്നിവയും ആശുപത്രിയിലേക്ക് മരുന്നുകളും നൽകിയിട്ടുണ്ടെന്നും പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2,25,000 രൂപയും ഫോഗിങ് മെഷീനും നൽകിയിട്ടുണ്ടെന്നും 16.45 ലക്ഷം രൂപ സി.എസ്.ആർ ഫണ്ടിൽ വകയിരുത്തി പഞ്ചായത്തിലെ കശുമാവ് ഗവേഷണ കേന്ദ്രം റോഡ് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തൃശ്ശൂർ സാൻഡ് & ഗ്രാവൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സി എസ് ആർ ഫണ്ടിൽ എത്ര തുക വകയിരുത്തിയെന്ന് കൃത്യമായി മറുപടിയിൽ പറഞ്ഞിട്ടില്ല. വരും വർഷങ്ങളിലും ഇത്തരം സ്ഥാപനങ്ങളിൽ നിന്നും സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ഉപയോഗ്യമാക്കുന്നതിന് ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. നിലവിൽ പവർഗ്രിഡ് കോർപ്പറേഷനെപ്പോലെ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെയും ഇത്തരം പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടി നടത്തുന്നതിന് നിർദ്ദേശിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് വാടകക്കു നൽകിയിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള XV/174A(പട്ടികജാതി ഇൻഡസ്ട്രിയൽ കെട്ടിടം),VIII/54,VIII/186 എന്നീ കെട്ടിടങ്ങൾ യഥാക്രമം മാതൃക ആക്ടിവിറ്റി ഗ്രൂപ്പ്, പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം, മാവേലി സ്റ്റോർ എന്നിവക്കു വാടകക്കു നൽകിയിട്ടുണ്ട്. യഥാക്രമം 290, 552, 305 എന്നീ തുകകളാണ് പ്രതിമാസ വാടകയായി ഈടാക്കിയിരിക്കുന്നത്. എന്നാൽ ടി കെട്ടിടങ്ങളിൽ നിന്നും വാടകയ്ക്കൊപ്പം ജി എസ് ടി ഈടാക്കിയിട്ടില്ല. 18% നിരക്കിൽ ജി.എസ്.ടി ഈടാക്കേണ്ടതാണ്.

വാടക ഈടാക്കുന്നതിന് പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയോ സർക്കാർ അംഗീകൃതമാക്കുകയോ ചെയ്തിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പാർപ്പിടം/ഇതര വ്യവസായം എന്നീ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു

ഫാക്ടറി/വ്യാപാരം/സംരംഭകത്വം/മറ്റ് സേവനങ്ങൾ എന്നിവക്കായുള്ള ലൈസൻസ് നൽകിയതിന്റെ രജിസ്റ്റർ, സഞ്ചയ ഫോം 6 എന്നിവ പരിശോധിച്ചതിൽ ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ/പാർപ്പിടാവശ്യം എന്നീ ഉപയോഗ ക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ്/കെട്ടിട | സ്ഥാപനത്തിന്റെ | സഞ്ചയ പ്രകാരം | ഈടാക്കിയിരിക്കുന്ന | ഈടാക്കേണ്ട |
|---|---|---|---|---|---|
| | | | | | |

| നമ്പർ | നമ്പർ | പേര് | ഉപയോഗ ക്രമം | വസ്തു നികുതി നിരക്ക് | വസ്തു നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 3/581, 583, 575 | ന്യൂ ഫാമിലി സൂപ്പർ മാർക്കറ്റ് | ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ | 40 | 45 |
| 2 | 16/101 | ചൈത്രം ബസാർ | ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ | 40 | 45 |
| 3 | 3/63 | സൂപ്പർ മാർട്ട് | പാർപ്പിടാവശ്യം | 7 | 45 |

വാണിജ്യാവശ്യത്തിനൊഴികെയുള്ള ഉപയോഗത്തിന് വസ്തു നികുതി നിർണ്ണയിച്ച നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.
സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് കെട്ടിടത്തിന്റെ ഒക്യൂപൻസി ഉറപ്പാക്കേണ്ടതാണ്.

2) 8/383 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റോയൽ സൂപ്പർ മാർക്കറ്റിന് സഞ്ചയ പ്രകാരം 399.41 M2 ആണ് തറ വിസ്തീർണ്ണം. വാണിജ്യാവശ്യത്തിനുള്ള 200m2 നു മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റിന് പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി നിരക്ക് 80 രൂപയാണ്. എന്നാൽ 399.41 M2 തറ വിസ്തീർണ്ണമുള്ള റോയൽ സൂപ്പർ മാർക്കറ്റിന് 45 രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത്.

വസ്തു നികുതി പുനർ നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 24/12.10.2021)

## 1-24 വസ്തു നികുതി നിർണ്ണയം-അപാകതകൾ

മാടക്കത്തറ വില്ലേജിൽ സർവേ നമ്പർ 45/1 ൽ ശ്രീ.ജോസ് കെ ജെ, ശ്രീമതി. ലിൻസി രാജൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള 0.5455 ഹെക്ടർ ഭൂമിയിലുള്ള 2122 M2 തറ വിസ്തീർണ്ണമുള്ള ഫ്ലാറ്റ് സമുച്ചയത്തിലെ 24 ഫ്ലാറ്റുകൾക്ക് നമ്പർ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) A4/6440/2019, തിയതി.10.10.19 പ്രകാരം 1573.81 M2 തറവിസ്തീർണ്ണത്തിനാണ് പെർമ്മിറ്റ് അനുവദിച്ചിട്ടുള്ളത്. 2122 M2 തറവിസ്തീർണ്ണത്തിനാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. അധികം വന്ന 548.19 M2 വിസ്തീർണ്ണം റെഗുലറൈസ് ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

2) കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) 2011 ചട്ടങ്ങളിലെ ചട്ടം-6 പട്ടിക 2 ൽ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട നികുതി ഇളവ്/വർദ്ധനവ് എത്ര ശതമാനമാണെന്ന് പറഞ്ഞിട്ടുണ്ട്. ആയതു പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും കെട്ടിടത്തിലേയ്ക്ക് പ്രവേശന മാർഗ്ഗം ഉണ്ടെങ്കിൽ 20% വർദ്ധനവ് അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ടതാണ് എന്ന് പട്ടികയിൽ വ്യക്തമാക്കിയിട്ടുണ്ട്. കംപ്ലീറ്റഡ് പ്ലാൻ പ്രകാരം ടി കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിലേയ്ക്ക് 7 M വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഉണ്ട്. 20% നികുതി വർദ്ധനവ് വരുത്താതെയാണ് 24 ഫ്ലാറ്റുകൾക്കും നികുതി നിർണ്ണയിച്ച് നമ്പർ നൽകിയിട്ടുള്ളത്.

3) ഫയലിൽ കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തുനികുതി നിർണ്ണയ റിട്ടേൺ,കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 38/16.10.21) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വസ്തു നികുതി പുനർ നിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് വാഹന പരിപാലനം, ജനറേറ്റർ പരിപാലനം - അപാകതകൾ

I) വാഹന ഉപയോഗത്തെ സംബന്ധിച്ച് ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ, തീ.30.06.2007, സർക്കുലർ നം.41/2008/ധന, തീ.02.08.2008 എന്നിവ പ്രകാരം നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വാഹനമായ KL-8/AU-5686 മഹീന്ദ്ര ബോലേറോയുടെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) ലോഗ്ബുക്കിൽ 01.01.2020 മുതൽ പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.
2) വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
3) വാഹനത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ആയത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.
4) വാഹനത്തിന്റെ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തുകയോ അറ്റകുറ്റപ്പണി സംബന്ധിച്ച പ്രത്യേക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

II) പഞ്ചായത്ത് ഓഫീസിലെ ജനറേറ്ററിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല.
നിയമാനുസരണം ലോഗ്ബുക്ക് എഴുതേണ്ടതും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-വയോമിത്രം വിഹിതം

2019-20 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | വൗച്ചർ നം./ചെക്ക് നം. തീയതി | തുക | നൽകിയത് |
|---|---|---|---|
| 184/20-വയോമിത്രം വിഹിതം | 21901453/0402682 /18.3.2020 | 2,54,512 (തനതുഫണ്ട്) | സാമൂഹ്യ സുരക്ഷാമിഷൻ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/11.10.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-കാൻ തൃശ്ശൂർ

2019-20 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | വൗച്ചർ നം./ചെക്ക് നം. തീയതി | തുക | നൽകിയത് |
|---|---|---|---|
| 166/20-കാൻ തൃശ്ശൂർ, കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം | 9/16.7.2019 | 80,000 (വികസനഫണ്ട് ജനറൽ) | ജില്ലാ പഞ്ചായത്ത് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/11.10.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-എ ബി സി പ്രോഗ്രാം

2019-20 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം.,പേര് | വൗച്ചർ നം./ ചെക്ക് നം. തിയതി | തുക | നൽകിയത് |
|---|---|---|---|
| 161/20-തെരുവ് നായ നിയന്ത്രണം-എ ബി സി പ്രോഗ്രാം | 8/16.7.2019 | 210,000 (വികസനഫണ്ട് ജനറൽ) | ജില്ലാ പഞ്ചായത്ത് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/11.10.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ഐ.കെ.എം.വിഹിതം

2019-20 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രൊജക്ട് നം., പേര് | വൗച്ചർ നം./ചെക്ക് | തുക | നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| | നം.<br>തീയതി | | |
| 1/20-<br>ഐ.കെ.എം.<br>വിഹിതം | 4/22.6.2019 | 74,063<br>(വികസനഫണ്ട്<br>ജനറൽ) | ഐ.കെ.എം. |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/11.10.2021) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-30 പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം. 2/20-പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥ- സെക്രട്ടറി

അടങ്കൽ-1,69,194 (വികസനഫണ്ട്, ജനറൽ), 20262 (തനതുഫണ്ട്)

ചെലവ്- 152218 (വികസനഫണ്ട്, ജനറൽ), 20262(തനതുഫണ്ട്)

മേല്പറഞ്ഞ പ്രൊജക്ടിൽ പത്രപരസ്യം നൽകുന്നതിനായി ദേശാഭിമാനി പത്രത്തിന് തുക നൽകിയതിൽ ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ:

| ക്രമ നം | ബിൽ നം., തീയതി, തുക | ഇൻവോയ്സ് നം., തീയതി | തുക(before Tax) | ഡിസ്കൗണ്ട് |
|---|---|---|---|---|
| 1 | 11/24.7.19 -23652 | TCR/2019 /0572/26.6.2019 | 5520 | 828 |
| 2 | 18/25.9.19 -3864 | TCR/2019 /1219/03.09.2019 | 3680 | 552 |
| 3 | 19/16.10.19 -9660 | TCR/2019 /1555/01.10.2019 | 3680 | 552 |
| 4 | 19/16.10.19 -9660 | TCR/2019 /1592/04.10.2019 | 5520 | 828 |
| 5 | 24/10.12.19 -13524 | TCR/2019 /1912/23.10.2019 | 3680 | 552 |
| 6 | 24/10.12.19 -13524 | TCR/2019 /1946/26.10.19 | 3680 | 552 |
| 7 | 24/10.12.19 -13524 | TCR/2019 /2036/03.11.19 | 5520 | 828 |
| 8 | 30/27.2.20-24128 | TCR/2020 /3174/19.2.20 | 3680 | 552 |
| 9 | 24/10.12.19 -13524 | TCR/2020 /3204/21.2.20 | 3680 | 552 |
| | | | ആകെ | 5796 |

ജി ഒ (ആർ.ടി.)01/11 ഐ & പി ആർ ഡി തി.04.01.2011, ജി ഒ (ആർ.ടി.)288/14 ഐ&പി ആർ ഡി തി.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/11.10.2021) മറുപടിയായി തുക ഈടാക്കുന്നതിന് പത്രത്തിന് കത്ത് നൽകുമെന്നും തുക ഈടാക്കി അറിയിക്കാമെന്നും അറിയിച്ചു. ഡിസ്കൗണ്ട് ലഭിക്കേണ്ട തുക ലഭ്യമാക്കുകയോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പ്രിന്ററിന് അധിക തുക അടവാക്കി

പ്രൊജക്ട് നം.18/20-VEO ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും

നിർവ്വഹണ ഉദ്യോഗസ്ഥ- സെക്രട്ടറി

അടങ്കൽ-55,000 (മെയിന്റനൻസ് ഫണ്ട്)

ചെലവ്-54,855 (ബിൽനം.18/20 തി.25.9.2019-40,129)

(ബിൽനം.33/20തി.09.3.2020- 14,726)

മേൽപ്പറഞ്ഞ പ്രൊജക്ടിൽ പ്രിന്റർ വാങ്ങുന്നതിനായി ഇൻവോയ്സ് നം.15283/10.2.2020 പ്രകാരം 14726/-രൂപ ഐ.ടി മിഷന് അടവാക്കി. (ബിൽ നം.33/09.3.2020). എന്നാൽ വർക്ക് ഓഡർ നൽകാൻ സാധിക്കാതെ വരികയും പിന്നീട് ഐ.ടി മിഷനുമായി ബന്ധപ്പെട്ടപ്പോൾ പുതിയതായി 12953/- രൂപയുടെ ഇൻവോയ്സ് (നം.24150/10.3..2021) ജനറേറ്റ് ചെയ്തതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടുതലായി അടവാക്കിയ 1773/-രൂപ ഐ.ടി. മിഷനിൽ നിന്നും തിരികെ ഈടാക്കുകയോ തുടർന്നുള്ള ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/11.10.2021) മറുപടിയായി തുക തിരിച്ച് നൽകണമെന്നാവശ്യപ്പെട്ട് 09.4.2021 തിയതിയിൽ A2-7970/2021 നമ്പർ കത്ത് നൽകിയെന്നറിയിച്ചിട്ടുണ്ട്.

## 1-32 KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 9, തിയ്യതി 11-10-21)

1996 ലെ ബിൽഡിങ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് (സെൻട്രൽ ആക്ട്) വകുപ്പുകൾ 3 (1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ കുറയാത്ത തുക KCWWF ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3 (3) പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് ത.സ്വ.ഭ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 30 തിയ്യതി 16-10-21)

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയറോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്കു വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

## 1-34 പ്രൊജ.നം. 115/20 അംഗൻവാടി അറ്റകുറ്റപ്പണികൾ--പ്രവൃത്തി പൂർത്തീകരണം വൈകിയതിന് ഫൈൻ ₹ 34735-കുറവ് ഈടാക്കി

അടങ്കൽ ₹ 14,50,000- ( മെയി.ഫ റോഡിതരം )

കരാർ നം./തിയ്യതി 35/AE LSGD MDK 16-17 തി. 15-3-17

കരാർ തുക ₹ 12,80,999-

കരാറുകാരൻ ശ്രീ.അബ്ദുൾഖാദർ എ.വി.

വൗച്ചർ.നം. 1/19-20 തി. 23-5-19 ₹ 3,81,874-

അളവുപുസ്തകം 35/16-17, 52/16-17,126/18-19,151/18-19

ഓഡിറ്റ് എൻക്വയറി നം. 28 തി.13-10-21

പത്തു അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടി 89/17 നമ്പറിൽ തയ്യാറാക്കിയ പ്രൊജക്ട് തുടർന്നുള്ള കാലയളവുകളിൽ സ്പിൽ ഓവർ ആക്കുകയും 2019-20 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തിയാക്കുകയുമാണുണ്ടായത്. മേൽപ്രകാരം പ്രവൃത്തിയുടെ ഭാഗമായ 13/16-17 തി.27-2-17 പ്രകാരമുള്ള ടെണ്ടർ നോട്ടീസിൽ പ്രവൃത്തി പൂർത്തീകരണത്തിന് 6 മാസകാലയളവാണ് അനുവദിച്ചിരുന്നത്. 15-3-17ൽ സൈറ്റ് ഹാന്റ് ഓവറായി ലഭിച്ച കരാറുകാരൻ രണ്ടു വർഷത്തിലധികം പിന്നിട്ട് 13-3-19 നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. (അളവുപുസ്തകം 126/18-19 പേജ്.നം.33) യഥാസമയം പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 20-3-19 ന് വാങ്ങിയ മുദ്രപത്രത്തിൽ 13-3-19 ന്

സപ്ലിമെന്ററി കരാർ ചമച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു. അംഗൻവാടി പോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ലാത്തത് അക്ഷന്തവ്യമായ കാര്യമാണ്.

കേരള പൊതുമരാമത്തു വകുപ്പ് മാനവൽ ഖണ്ഡിക 2112 പ്രകാരം ആകെ കരാർ കാലാവധിയുടെ നാലിലൊന്ന് PAC തുകയുടെ 1% വും വീണ്ടും നാലിലൊന്ന് PAC തുകയുടെ 2% വും ഫൈൻ ഈടാക്കി പ്രവൃത്തി പൂർത്തീകരണത്തിനുള്ള കാലം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഏതു സാഹചര്യത്തിലും കരാർ കാലാവധിയുടെ പകുതിയിലധികം കാലദൈർഘ്യം അനുവദിച്ചു നൽകുവാൻ പാടില്ലാത്തതും കരാർ കാലാവധിക്കുശേഷമുള്ള പ്രവൃത്തികൾ അനധികൃതവുമാണ്. സർക്കുലർ നം.എ.സി.2/223115/ ത.സ്വ.ഭ.വ തി. 18-8-18 ഇക്കാര്യങ്ങൾ ആവർത്തിച്ചുത്തരവായിട്ടുള്ളതുമാണ്.

യഥാസമയം പണി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ താഴെ ചേർക്കുന്നതു പ്രകാരം ഫൈൻ ഈടാക്കേണ്ടതുണ്ടായിരുന്നു.

ആദ്യ ഘട്ടം ഫൈൻ 12,80,999 X 1% ₹ 12,810/-

രണ്ടാം ഘട്ടം ഫൈൻ 12,80,999 X 2% ₹ 25620/-

ആകെ ₹ 38430/-

ആകെ ₹ 38430/- ഈടാക്കേണ്ടതുള്ളപ്പോൾ ₹ 3695/- മാത്രമാണ് ഫൈൻ ഈടാക്കിയിട്ടുള്ളത് ഈയിനത്തിലുള്ള കുറവ് ₹ 34735/- കരാറുകാരനിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിന് നൽകേണ്ടതാണ്.

### 1-35 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 10 തിയ്യതി 11-10-21 )

സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ്‌വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് മേൽകാര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ടെന്ന മറുപടി അസി.എഞ്ചിനിയർ നല്കി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-36 തൊഴിലുറപ്പു പദ്ധതി--ക്വാറി മക്ക് ഫില്ലിങ്ങിന് അധിക നിരക്ക് നൽകി

ഓഡിറ്റ് എൻക്വയറി നം. 29 തി. 13-10-21

ഓഡിറ്റ് കാലയളവിൽ ക്വാറി മക്ക് ഫില്ലിങ്ങിന് ₹ 1262.78എന്ന നിരക്ക് നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. ( SECURE ഇനം 80.7.2.3) PRICE സോഫ്റ്റ് വെയറിൽ ( ഇനം 51.2.3) ഈയിനത്തിന് ₹ 891.01 നിരക്കാണ് നൽകി വരുന്നത്.

ഒരേയിനം പ്രവൃത്തിക്ക് ഒരേ സ്ഥാപനത്തിൽ രണ്ടു വ്യത്യസ്ത നിരക്കുകൾ അനുവദിച്ചു വരുന്ന കാര്യം ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് MNREGA സ്റ്റേറ്റ് മിഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്ക് എ2 8153 /21 തി.16-10-21 നം. കത്തുപ്രകാരം ഒല്ലൂക്കര ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ അറിയിച്ചിട്ടുള്ളതായി മറുപടി നല്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഒല്ലൂക്കര ബ്ളോക്ക് പഞ്ചയത്ത് | 2019-20 | 300000 | നെൽ കർഷകർക്ക് കൂലി ചെലവ് | 300000 | 0 |
| | | 240000 | പച്ചക്കറി കൃഷി കൂലി ചെലവ് | 240000 | 0 |
| | | 250000 | പാലിന് സബ്സിഡി | 250000 | 0 |
| | | 1928220 | ലൈഫ് ഭവന പദ്ധതി | 531516 | 1396704 |
| | | | മുൻബാക്കി | | 613500 |
| | 2018-19 | 1478000 | ശ്മശാനം, ശങ്കരംകുളം വിപുലീകരണം | 914000 | 564000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | മാടക്കത്തറ ഗ്രൗണ്ട് നവീകരണം | 0 | 1000000 |
| | | 100000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 0 | 100000 |
| | | 2500000 | ശങ്കരംകുളം നവീകരണം | 2500000 | 0 |
| | | 202882 | ഭിന്നശേഷി സ്കോളർഷിപ്പ് | 202882 | 0 |
| | | 325000 | പാലിന് സബ്സിഡി | 325000 | 0 |
| | | 36840 | പാലിയേറ്റീവ് കെയർ | 0 | 36840 |
| | | | മുൻബാക്കി | | 200000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ & ലൈററ് സ്ഥാപിക്കൽ | 2016-17 വർഷം നൽകിയ തുക | 3188510 | 0 | - | 3188510 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

സ്ഥാപനത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകളുടെ അപാകത ഖണ്ഡിക 1-20ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. 99,67,298 രൂപയാണ് ബാലൻസ് ഷീറ്റിൽ ലോൺ ബാധ്യത ബാക്കിയായി വർഷാന്ത്യത്തിൽ കാണുന്നത്. ഇതിന്റെ കൃത്യത നിലവിൽ പരിശോധിക്കാനായിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1835321 |
| തൻവർഷം നിക്ഷേപിച്ച തുക | 316155 |
| ആകെ | 2146476 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2151476 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| ജില്ലാ സഹ.ബാങ്ക്, തൃശ്ശൂർ | 1536093 | 283729 |
| അമ്പലപ്പാട് സർവീസ്. സഹ.ബാങ്ക് | 610383 | 31984646 |
| തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ (Equity Share) | 5000 | 142 |
| ആകെ | 2151476 | |

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ലഭ്യമല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72010281/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69477291 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-33

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ടി.എസ്2-1639/11/28.10.11/06.12.11 |
| 1977-78 | |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 86-87&87-88 | |
| 88-89&89-90 | |
| 1991-92 | |
| 1993-94 | |
| 1994-95&95-96 | |
| 97-98,99-00 2000-01, വരവ് | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2000-01 ജനകീയാസൂത്രണം | എൽ.എഫ്.ടി11-1342/04/07.08.14/13.09.14 |
| 2001-02,2002-03, 2003-04 | എൽ.എഫ്.ടി.എസ്8-358/14/14.03.14/11.4.14 |
| 2004-05 | എൽ.എഫ്.ടി11-2275/08/26.07.10 |
| 2005-06 | എൽ.എഫ്.ടി11-2276/08/26.07.10 |
| 2006-07 | എൽ.എഫ്.ടി11-592/09/16.01.12/09.02.12 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.ടി.പി4/1357/12/15.12.12/13.05.13 |
| 2011-12 | എൽ.എഫ്.ടി.പി4/341/2013/8.07.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി8/2136/13/5.05.14/3.7.14 |
| 2013-14 | എൽ.എഫ്.ടി.പി8- 14/2015/ 02.06.15/25.07.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ(പി8)1194/16, 20.07.16 |
| 2015-16 | കെ.എസ്.എ-ടി.എസ്.ആർ(പി8)1194/16, 29.07.16 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ-(പി8) 982/17/, 4.7.17 |
| 2017-18 | കെ.എസ്.എ-ടി.എസ്.ആർ-(പി8)839/19, 13.06.19 |
| 2018-19 | കെ.എസ്.എ-ടി.എസ്.ആർ.(പി.8)1360/20 തീയതി:05/01/2021 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്